# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2037

08.03.2017-ൽ
ഇടക്കാല മറുപടി നല്കിയിരുന്നത്

## വയനാട് മെഗാ ഫുഡ് പാർക്ക്

| ചോദ്യം<br>ശ്രീ.സി.കെ.ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മുൻബജറ്റിൽ പ്രഖ്യാപിച്ച വയനാട് മെഗാ ഫുഡ് പാർക്ക് പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) യും ബി) യും | 2006-2007 ബജറ്റിൽ പ്രഖ്യാപിച്ച വയനാട്ടിൽ സ്ഥാപിക്കുന്ന മെഗാ ഫുഡ് പാർക്കിന് 398 ഏക്കർ ഭൂമി വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നല്കിയിരുന്നു. എന്നാൽ ഇതിനെതിരെ പ്രസ്തുത ഭൂഉടമ ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവ് നേടുകയും ചെയ്തു. പിന്നീട് ടി ഹർജി ബഹു,ഹൈക്കോടതി തള്ളുകയും ഭൂമി ഏറ്റെടുക്കുന്നതിന് മുൻപായി സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി തുടരാമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി തുടരുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയും ഈ സമയത്ത് ഭൂഉടമ വീണ്ടും ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവ് നേടുകയും ചെയ്തു. നിലവിൽ ഈ വിഷയം ബഹു.ഹൈക്കോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും പരിഗണനയിലാണ്. |
| ബി) | വയനാട് മെഗാ ഫുഡ് പാർക്കിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ